ച്ചുകൊണ്ടുള്ള രജിസ്ട്രേഷനുകളാണ് ഭൂരിപക്ഷവും നടക്കുന്നത്. അത് പരിഹരിക്കുവാൻ, കൃത്യമായ വില കാണിക്കുവാൻ ഏറ്റവും ഉത്തരവാദപ്പെട്ടവർ ഡോക്യുമെന്റ് റൈറ്റേഴ്സാണ്. ഈ ക്ഷേമനിധി നടപ്പിലാക്കുന്നതോടുകൂടി അവർ ഉത്തരവാദപ്പെട്ടവരായി മാറും എന്നാണോ താങ്കൾ ഉദ്ദേശിക്കുന്നത്?

ശ്രീ. ആന്റണി രാജു : ഞാൻ അത് പറയുവാൻ വന്ന കാര്യമാണ്. ബഹുമാനപ്പെട്ട ടി.കെ. നൗഷാദ് അത് പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് വ്യക്തമാക്കണ്ടേ?

ശ്രീ. ആന്റണി രാജു : ഇപ്പോൾ നിലവിലുള്ള ക്ഷേമനിധിയിൽ പെൻഷൻ പദ്ധതികൂടി ഉൾക്കൊള്ളിക്കുവാൻ ഗവൺമെന്റ് തയ്യാറാണെങ്കിൽ ഞാൻ ഈ ബില്ല് പിൻവലിക്കാം. അല്ലെങ്കിൽ അടുത്ത ദിവസം തുടരാം.

മി. ചെയർമാൻ : അടുത്ത ആഴ്ച തുടരാം. (ചർച്ച തുടരും)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച

1998-ലെ കേരള കർഷക പെൻഷൻ ക്ഷേമനിധിബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ച തുടർന്നില്ല.)

1999-ലെ കേരള പ്രൈവറ്റ് പ്രസ് തൊഴിലാളി ക്ഷേമനിധി ബിൽ[†]

(ശ്രീ. ആന്റണി രാജു നോട്ടീസ് നൽകിയത്) - ചർച്ച തുടർച്ച

മി. ചെയർമാൻ : ശ്രീ. ആന്റണി രാജു അങ്ങേയ്ക്ക് ചർച്ച തുടരാം.

ശ്രീ. ആന്റണി രാജു : കേരളത്തിലെ ആയിരക്കണക്കിനുവരുന്ന അച്ചടിശാലകളിൽ ജോലിചെയ്യുന്ന അര ലക്ഷത്തോളം തൊഴിലാളികൾ സ്വകാര്യ ശാലകളിൽ ജോലിചെയ്യുന്നവരാണ്. സ്വകാര്യ പ്രസ്സിൽ ജോലിചെയ്യുന്നവരിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ്. അവർക്ക് തൊഴിൽ സ്ഥിരതയില്ല. എന്നുമാത്രമല്ല, തൊഴിൽ നിയമങ്ങളുടെ പരിരക്ഷയില്ല. ഇപ്പോൾ അവർക്ക് ക്ഷേമനിധിയില്ല. പത്തുപതിനയ്യായിരം തൊഴിലാളികൾ പണിയെടുക്കുന്ന പല മേഖലകളിലും ഇന്ന് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇൻഡ്യയ്ക്ക് ആകെ മാതൃകയായി പ്രവർത്തിക്കുമ്പോൾ കേരളത്തിലെ അര ലക്ഷത്തിൽപ്പരമുള്ള ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ അവഗണിക്കുവാൻ കഴിയുകയില്ല. തൊഴിൽ നിയമങ്ങളുടെ പരിരക്ഷയില്ലാത്ത നാമമാത്രമായ പ്രതിഫലത്തിലാണ് ജോലിചെയ്യുന്നത്. നിലവിലുള്ള മിനിമം വേജസ് പ്രകാരം ഒരു പ്രസ്സിലെ ഒരു വിദഗ്ദ്ധ തൊഴിലാളിയുടെ അടിസ്ഥാന ശമ്പളം 235 രൂപയാണ്. ഈ മിനിമം കൂലിപോലും നടപ്പാക്കാത്ത അച്ചടിശാലകൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിരവധിയുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകളുടെ ആരോഗ്യാവസ്ഥ പറഞ്ഞാൽ, പെട്രോളിയം ഉൽപ്പന്നങ്ങളായ മണ്ണെണ്ണയും ഈയവും മഷിയുമൊക്കെ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി നിത്യ രോഗികളായി മാറുന്ന അവസ്ഥയാണ് അച്ചടി ശാലകളിലെ തൊഴിലാ

[†] അനുബന്ധം X

207/2010.

LIBRARY ARCHIVES Kerala Legislative Assembly

ളികളുടെ അനുഭവം. ഇന്ന് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രിന്റിംഗ് ടെക്നോളജി രംഗത്ത് കടന്നുവരുന്നു. അപ്പോൾപ്പോലും നമ്മുടെ സംസ്ഥാനത്ത് പഴയ യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള അച്ചടിശാലകളുടെ എണ്ണത്തിന് ഒരു കുറവുമില്ല. ഇന്നും ആ മേഖലയിൽ പണിയെടുക്കുന്ന ആളുകളുടെ എണ്ണത്തിന് യാതൊരു കുറവും വന്നിട്ടില്ല. പക്ഷേ അവർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. അച്ചടി ശാലകളുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾപോലുമില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ നല്ലൊരു പങ്ക് സ്ത്രീകൾ ജോലിചെയ്യുന്ന ഈ അച്ചടിശാലകളോടനുബന്ധിച്ച് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാൻ, ഒന്നു വിശ്രമിക്കുവാൻ, അല്പം വിനോദത്തിനുള്ള യാതൊരു സൗകര്യവും ഇന്നത്തെ അച്ചടി ശാലകളുമായി ബന്ധപ്പെട്ടില്ല എന്നുള്ളത് ആധുനിക കാലഘട്ടത്തിൽ നമുക്ക് അപമാനകരമാണ്. ഇന്ന് അച്ചടി മേഖലകൾ നേരിടുന്ന വലിയൊരു പ്രശ്നം, കേരളത്തിൽ പ്രിന്റ് ചെയ്യപ്പെടുന്ന മെറ്റീരിയൽസിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നതെന്ന് നമുക്ക് അറിയാം. നമ്മളൊക്കെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആളുകളാണ്. നമ്മുടെ പോസ്റ്റുകൾ അച്ചടിക്കുന്നത് ശിവകാശിയിലാണ്. നമ്മൾ മത്സരിക്കുന്നത് കേരളത്തിലെ തെരഞ്ഞെടുപ്പുകളിലാണ്. ഇവിടെ ആയിരക്കണക്കിന് തൊഴിലാളികൾ അച്ചടി ശാലകളുമായി ബന്ധപ്പെട്ട് പണിയെടുക്കുമ്പോൾ, ഇവിടെ തൊഴിലില്ലാത്ത അവസ്ഥ ഉള്ളപ്പോൾ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലേയ്ക്ക്.....

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : നമ്മുടെ പ്രസംഗങ്ങളിലെല്ലാം വ്യവസായങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു എന്ന് കുറ്റപ്പെടുത്താറുണ്ട്. അങ്ങനെയെങ്കിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ഇനി മറ്റ് സംസ്ഥാനങ്ങളിൽ പോസ്റ്റർ അടിക്കുകയില്ല എന്ന തീരുമാനം എടുക്കുന്നതിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ആന്റണി രാജു</u> : ബഹുമാനപ്പെട്ട ഇടുക്കി മെമ്പർതന്നെ ആ കാര്യത്തിൽ ഒരു മാതൃക കാണിച്ചാൽ നമുക്ക് ആലോചിക്കാവുന്നതാണ്. ആരെങ്കിലും തുടങ്ങണ്ടേ; ഇലക്ഷൻ തീരുന്നതിന് മുമ്പെങ്കിലും പോസ്റ്റർ ഇറങ്ങണ്ടേ? ഞാൻ പറഞ്ഞുവന്നത്, അന്യസംസ്ഥാനങ്ങളിലേയ്ക്ക് അച്ചടി കടത്തിക്കൊണ്ടുപോകുന്നത് സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പല അച്ചടികളും ഇവിടെയുള്ള ഏജൻസികൾ ഏറ്റെടുത്ത് അച്ചടിക്കുന്നത് അന്യസംസ്ഥാനങ്ങളിലാണ്. ഇവിടെനിന്ന് ഏറ്റെടുത്ത് അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകണമെങ്കിൽ അവിടെ നിന്നൊരു ഇടത്തട്ട് ലാഭം കൊയ്യാതിരിക്കുകയില്ല. ഇതിന് ഒരു നിയമം സംസ്ഥാനത്ത് കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ ഏറ്റവും ചുരുങ്ങിയത് ഗവൺമെന്റിന്റെ അച്ചടി എങ്കിലും അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി അച്ചടിക്കുന്നത് തടയുവാനുള്ള നിയമനിർമ്മാണം അത്യാവശ്യമായിരിക്കുന്ന കാലഘട്ടമാണ്. ഇവിടെ ഒരു ക്ഷേമനിധി ഇല്ലാത്തതുമൂലം അനുഭവിക്കുന്ന യാതന, തുച്ഛമായ ശമ്പളം, അവർക്ക് ജോലി സ്ഥിരതയില്ല, ജീവനക്കാർ നിത്യ രോഗികളായി മാറുന്നു. ഭൂരിപക്ഷവും സ്ത്രീകൾ പണിയെടുക്കുന്ന ഈ മേഖലയിൽ പ്രസവാനുകൂല്യമില്ല. ഇ.എസ്.ഐ. ആനുകൂല്യമില്ല, ഗ്രാറ്റിവിറ്റിയില്ല. പ്രോവിഡന്റ് ഫണ്ടില്ല, ക്ഷാമബത്ത ഇല്ല, പെൻഷൻ ഇല്ല. ഇപ്പോൾ ക്ഷേമനിധിപോലുമില്ല. അതുകൊണ്ട് ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് ജീവനക്കാരുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട്, അവരോടൊപ്പമുള്ള ലക്ഷക്ക

LIBRARY ARCHIVES Kerala Legislative Assembly

ണക്കിനുവരുന്ന കുടുംബാംഗങ്ങളുടെ ക്ഷേമം മുന്നിൽ കണ്ടുകൊണ്ട് അവരുടെ സംരക്ഷണത്തിനായി ഗവൺമെന്റ് ഒരു ക്ഷേമനിധി ബിൽ ഔദ്യോഗികമായി കൊണ്ടു വരണമെന്നാണ് എന്റെ അഭ്യർത്ഥന. അതുകൊണ്ടുവരുന്നില്ലെങ്കിൽ ഈ ക്ഷേമനിധി ബില്ല് ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടി കൈക്കൊള്ളണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സംസ്ഥാനത്തെ പ്രൈവറ്റ് പ്രസ്സ് തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. ഇവർക്ക് മാത്രം ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. ഇവർക്ക് മാത്രമായി ഒരു ക്ഷേമനിധി ആരംഭിച്ചാൽ അവരിൽനിന്ന് ഒരു പരിധിയിൽക്കൂടുതൽ അംശദായം ഈടാക്കുവാൻ കഴിയുകയില്ല. അതേ സമയം ക്ഷേമനിധി രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഭീമമായിരിക്കും. തൊഴിലാളികളുടെ കാശ് പിരിച്ച് ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കണം എന്ന ലക്ഷ്യത്തിൽ സംഗതി വന്നുചേരും. അതുകൊണ്ട് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ലെന്നാണ് ബോധ്യപ്പെട്ടിട്ടുള്ളത്. പ്രസ്സ് തൊഴിലാളികൾ ഇപ്പോൾതന്നെ 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഇതിന് പുറമേ ഇരുപതോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1952-ലെ പ്രോവിഡന്റ് ഫണ്ട് നിയമപ്രകാരം നടപ്പാക്കിയിട്ടുള്ള പെൻഷന് ഇവർക്കും അർഹതയുണ്ട്. ഈ വ്യവസായത്തിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. ഇവർക്ക് 1961-ലെ മെറ്റേർണിറ്റി ബനിഫിറ്റിനും നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. എന്നിരുന്നാലും ഇപ്പോൾ നിലവിലുള്ള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ്സ് സ്കീം പരിഷ്ക്കരിച്ച് മേൽവിവരിച്ച സാഹചര്യത്തിൽ ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഈ സ്വകാര്യ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ : അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആന്റണി രാജു : ഇവിടെ വൈകിയാണെങ്കിലും നല്ല നിർദ്ദേശങ്ങൾ വരുകയുണ്ടായി, ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

'1998-ലെ കേരള സ്വകാര്യ ഐ.റ്റി.സി.'
ജീവനക്കാരുടെ ക്ഷേമനിധി ബിൽ (ശ്രീ. പി. രാജു നോട്ടീസ് നൽകിയത്)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ച തുടർന്നില്ല.)

മി. സ്പീക്കർ : ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺമാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly